# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-819/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 04/10/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-819/2023 തീയ്യതി: 04/10/2023

## വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 20-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 05-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 05-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷൈജു മാത്യു , ഓഡിറ്റ് ഓഫീസർ
ശ്രീ കെ എം നവാസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ കെ വി ഡേവിഡ്,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അപർണ ശശിധരൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ കെ രേണുക | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ബിജേഷ് എ എം | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ഇസ്മായിൽ കെ ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 09-10-2022 |
| ഷോബി കെ ബി | സെക്രട്ടറി | 10-10-2022 | 01-11-2022 |
| ഇസ്മായിൽ കെ ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2022 | 01-12-2022 |
| ഷോബി കെ ബി | സെക്രട്ടറി | 02-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ മുഹമ്മദ് ഷെരീഫ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 24-01-2023 |
| ഡോ ദിവ്യകല | മെഡിക്കൽ ഓഫീസർ പി എച്ച് സി | 25-01-2023 | 31-03-2023 |
| ഡോ റുക്സാന എ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.അനിൽ ബി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഷംന കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 10-10-2022 |
| സൈനബ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 11-10-2022 | 21-01-2023 |
| ഗീത എൻ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 22-01-2023 | 31-03-2023 |
| കെ ബി റോഷൻ | അസി. എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| പ്രിജിൽ പി ടി | അസി. എഞ്ചിനീയർ ചുമതല | 01-06-2022 | 26-07-2022 |
| അക്ഷയ് രമേശ് | അസി. എഞ്ചിനീയർ | 27-07-2022 | 31-03-2023 |
| സുനിൽകുമാർ എ | വി ഇ ഒ | 01-04-2022 | 06-04-2022 |
| അർഷിത പി സി | വി ഇ ഒ | 07-04-2022 | 31-03-2023 |
| സുജാകുമാരി പി ഇ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| പൌലോസ് ടി പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ജിതിൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സരിത എസ് | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റായിട്ടില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ്. | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ | 1-1-7 |
| 9 | അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. | 1-1-8 |
| 10 | ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തൽ | 1-1-9 |
| 11 | പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | പദ്ധതി അവലോകനം. | 1-5-1 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-11 |
| 23 | രസീതുകൾ ക്രമരഹിതമായി നൽകി | 1-12 |
| 24 | ഗ്രാമപഞ്ചായത്തിൽ ഒന്നിലധികം തനത് ഫണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. | 1-13 |
| 25 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-14 |
| 26 | റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14-1 |
| 27 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14-2 |
| 28 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന | 1-14-3 |

| | | |
|---|---|---|
| | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | |
| 29 | റിസോർട്ട്/ഹോം സ്റ്റേകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-15 |
| 30 | അനധികൃത കെട്ടിടത്തെ നിയമാനുസൃത കെട്ടിടത്തിലുൾപ്പെടുത്തി വസ്തു നികുതി ഈടാക്കി | 1-16 |
| 31 | ടാക്സ് ഓഡിറ്റ് | 1-17 |
| 32 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം | 1-17-1 |
| 33 | വസ്തു നികുതി പിരിവ് | 1-17-2 |
| 34 | സേവന ഉപനികുതി | 1-17-3 |
| 35 | തൊഴിൽ നികുതി | 1-17-4 |
| 36 | വിനോദ നികുതി | 1-17-5 |
| 37 | നികുതിയേതര വരവുകൾ | 1-17-6 |
| 38 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-18 |
| 39 | ഒരേ ഗുണഭോക്താവിന് രണ്ട് തവണ തൈകൾ വിതരണം ചെയ്തു. | 1-18-1 |
| 40 | ഒരേ ഗ്രൂപ്പിന് രണ്ട് പദ്ധതികളിലായി ഒരേ ആനുകൂല്യം നൽകി. | 1-18-2 |
| 41 | വിളകൾ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഫയലിലില്ല. | 1-18-3 |
| 42 | സുസ്ഥിര നെൽകൃഷി വിതരണം ടി.എസ്.പി- അപാകങ്ങൾ | 1-18-4 |
| 43 | ആയുർവേദ ഡിസ്പെൻസറി, തെക്കുംതറ-മരുന്ന് വാങ്ങൽ - ഫണ്ട് ചെലവഴിക്കുന്നതിലെ അപാകതകൾ | 1-19 |
| 44 | ലൈഫ് ഭവന പദ്ധതി ടി എസ് പി പദ്ധതിയിൽ മുൻകൂർ തുക കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ വീട് പണി ആരംഭിച്ചിട്ടില്ല | 1-20 |
| 45 | തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ-തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ അടക്കാൻ ബാക്കി നിൽക്കുന്നു. | 1-21 |
| 46 | മരാമത്ത് പ്രവർത്തികൾ അപാകങ്ങൾ. | 1-22 |
| 47 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകങ്ങൾ | 1-23 |
| 48 | എസ്.എസ്.കെ. വിഹിതം നൽകൽ - ഭൗതിക നേട്ടവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 49 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 22.06.2023 -ലെ 1/1 തീരുമാനം പ്രകാരം തയ്യാറാക്കി 24.06.2023 -ന് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ

തീയതി: 04.10.2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 22.06.2023 ലെ 1(1)/23 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് 24.06.2023 -ന് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള

വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റായിട്ടില്ല.

ബാങ്കിൽ നിക്ഷേപിച്ച താഴെ പറയുന്ന ചെക്കുകളുടെ തുക നാളിതുവരെ ക്രഡിറ്റായിട്ടില്ല.

| ക്രമ നം. | ബാങ്ക് | ചെക്ക് നമ്പർ / തീയതി | തുക |
|---|---|---|---|
| 1 | വെങ്ങപ്പള്ളി സർവ്വീസ് കോ-ഓ. ബാങ്ക് | 2637283/15.02.2021 | 1250 |
| 2 | -ടി- | 2637266/30.09.2020 | 1250 |

## 1-1-4 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല (ഔട്ട് സ്റ്റാന്റിംഗ് അഡ്വാൻസുകളും ഡെപ്പോസിറ്റുകളും ക്യാരിഫോർവേഡ് ചെയ്തിട്ടില്ല).

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാ: വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാമാസങ്ങളിലും ഡിമാന്റ് എൻട്രി ഇല്ല (15.10.2022 നം പിന്നീട് 31.03.2023 നം മാത്രമാണ് ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളത്).

## 1-1-6 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ജേണൽ വാച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ അനുബന്ധ രേഖകളില്ല. ഉദാ: വസ്തുനികുതിയുടെ 31.03.2023 -ലെ ഡിമാന്റ് എൻട്രിയുടെ ജേണൽ വൗച്ചറിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-7 ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-1-8 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

ആസ്തി രജിസ്റ്ററിൽ, ആസ്തിയുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-9 ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തൽ

ആസ്തികൾക്ക് നിശ്ചിത നിരക്കിൽ തേമാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-10 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ്

ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ആവശ്യ ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ബി-4 ഷെഡ്യൂൾ പ്രകാരം എം.എൻ.ആർ.ഇ.ജി.എ. -യുടെ ഔട്ട്സ്റ്റാന്റിംഗ് ബാധ്യത ₹3,38,056/- ആണ് എന്നാൽ ബി-17 പ്രകാരം ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹2,51,460/- ആണ്. ശുചിത്വ മിഷൻ ഗ്രാന്റിന്റെ ഔട്ട്സ്റ്റാന്റിംഗ് ബാധ്യത ₹6,83,867/- ആണ് എന്നാൽ അതിനായുള്ള ബാങ്ക് അക്കൗണ്ടിൽ തുക നീക്കിയിരിപ്പില്ല (IDBI Bank - A/C No. 1490104000045863). പല പ്രത്യേകാവശ്യ ഗ്രാന്റുകൾക്കും പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ഗ്രാന്റുകൾ നിക്ഷേപിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 13(4) (ബി) അനുസരിച്ച് ഓരോ ഫണ്ടിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

വാർഷിക കണക്കുകളിലെ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/22-23, 04.09.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 01/23 / 23.03.2022 | 3/27.2.2023 |

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1034733 | 4565481 |
| വരവ് | 159966000 | 164555342 |
| ആകെ | 161000733 | 169120823 |
| ചെലവ് | 159956000 | 168262000 |
| നീക്കിബാക്കി | 1044733 | 858823 |

ബജറ്റിന്റെ വിശദമായ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഋണശീർഷ കണക്കുകൾ ഇനത്തിൽ 7,75,000 രൂപ ആകെ ചെലവിനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ഈ തുക വരവ് ഭാഗത്ത് ഉൾക്കൊള്ളിച്ചിട്ടില്ലയെന്ന് ശ്രദ്ധയിൽപെടുകയുണ്ടായി.

സർക്കാർ ഉത്തരവ് (ആർടി)നം.3291/2016/എൽ.എസ്.ജി.ഡി തി.2.12.2016ലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നതിന് മുമ്പ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.കൂടാതെ മുകളിൽ സൂചിപ്പിച്ച ഉത്തരവ് ഖണ്ഡിക 2.2 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാർഷീക പദ്ധതി തയ്യാറാക്കുകയും കേരള പഞ്ചാത്തീരാജ് ആക്ട് സെക്ഷൻ 214(1) പ്രകാരംപ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിശദമായ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഇവ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിച്ചിതിന് ശേഷമല്ല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(3) പ്രകാരം മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നും കാര്യമായ വ്യത്യാസം തൻവർഷത്തെ ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് തുകയിലുണ്ടെങ്കിൽ ആയതിന് ഉപോൽബലകമായ ഒരു നോട്ട് തയ്യാറാക്കപ്പെടേണ്ടതുണ്ട്. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ആകെ യഥാർത്ഥ വരവ് 67015402 രൂപയായിരിക്കെ തൻവർഷ ബജറ്റിൽ പ്രതീക്ഷിക്കുന്ന ആകെ വരവ് 159966000 രൂപയാണ്.എന്നാൽ ഇതിന്റെ കാരണം വ്യക്തമാക്കുന്ന നോട്ട് ബജറ്റിനോടൊപ്പം തയ്യാറാക്കിയിട്ടല്ല.കൂടാതെ ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ് തുക 1599,66,000 ആയിരിക്കെ യഥാർത്ഥ വരവ് തുക 325,03,262രൂപയും പ്രതീക്ഷിത ചെലവ് 159956000ആയിരിക്കെ യഥാർത്ഥ ചെലവ് 318,69,203രൂപയും ആണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താതെ ചെലവുകൾ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ അനുപൂരക ബജറ്റോ,പുതുക്കിയ ബജറ്റോ തയ്യാറാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തീക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കുന്ന പുതുക്കിയ ബജറ്റ് ഇതിന് പകരമായി കണക്കാക്കപ്പെടുകയാണ് ചെയ്യുന്നത്.വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലും ഈ നടപടി അനുവർത്തിക്കപ്പെടുകയാണ് ചെയ്തിരിക്കുന്നത്.എന്നാൽ ഇങ്ങനെ തയ്യാറാക്കപ്പെടുന്ന പുതുക്കിയ ബജറ്റിന് നൽകുന്ന അംഗീകാരം ബജറ്റിൽ വകയിരുത്താത്ത ചെലവുകൾ ചെയ്തതിന്റെ അനുമതിയായി കണക്കാക്കുവാൻ പാടില്ലായെന്നും ഈ സെക്ഷനിൽ പറയുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ഭാവിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10239759 |
| വരവ് | 32503262 |
| ആകെ | 42743021 |

| | |
|---|---|
| ചെലവ് | 31869203 |
| നീക്കിയിരിപ്പ് | 10873818 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | - | 9075800 | 9075800 | 8916417 | 159383 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 699000 | 699000 | 635622 | 63378 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 14877000 | 14877000 | 12935040 | 1941960 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 8273000 | 8273000 | 4848974 | 3424026 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | . | 4570000 | 4570000 | 3533381 | 1036619 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) BASIC | | 34107 | 1823000 | 1857107 | 1282774 | 574333 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് TIED (ACR പ്രകാരം) | | 315209 | 2735000 | 3050209 | 2282662 | 767547 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 6591234 | 6074721 | 12665955 | 6074721 | 6591234 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 12215 | 6074721 | 6086936 | 5290882 | 796054 |
| | ട്രഷറി അക്കൗണ്ട് | 3704452 | 5031552 | 8736004 | 5299335 | 3436669 |
| | | | | | | |

## 1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 63079913 | 126 | 48903748 | 0 | 31 | 80 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2580000 | 2381635 | 92 |
| വെറ്ററിനറി സർജൻ | 4 | 4 | 1770000 | 1680000 | 95 |
| മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 10 | 9 | 1816615 | 1492770 | 82 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 6 | 6 | 1230000 | 1229027 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 620720 | 420000 | 68 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 11 | 19696396 | 16885235 | 86 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 6 | 2817400 | 2593678 | 92 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 771673 | 269973 | 35 |
| സെക്രട്ടറി, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് | 35 | 34 | 8151515 | 7710679 | 95 |
| ഹെഡ്മാസ്റ്റർ, GWLP സ്കൂൾ | 9 | 7 | 3398012 | 2522442 | 74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1341000 | 1332225 | 99 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 59 | 36 | 18886582 | 10386084 | 55 |
| | | | | | |

## 1-5-1 പദ്ധതി അവലോകനം.

പദ്ധതി ആസൂത്രണത്തിന്റെ അടിസ്ഥാന തലങ്ങളായ ആസൂത്രണസമിതികളും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുകയും ആയവ സാമാന്യം തൃപ്തികരമായ വിധത്തിൽ യോഗം ചേരുകയും മിനുട്സുകൾ രേഖപ്പെടുത്തിയതായും കാണുന്നുണ്ട്.എന്നാൽ പദ്ധതി പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ആസൂത്രണ സമിതിയുടെ മിനുട്സിൽ അത്തരം അവലോകനങ്ങൾ നടത്തിയതായി കാണുന്നില്ല.

ഗ്രാമസഭകൾ ഓഡിറ്റ് വർഷത്തിൽ നാല് തവണ ചേർന്നിട്ടുണ്ട്.ഇവയിൽ വോട്ടർമാരുടെ പങ്കാളിത്തം നല്ല രീതിയിൽ ഉണ്ടാവുകയും മിനുട്സ് യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഊരുകൂട്ടങ്ങൾ വർഷത്തിൽ രണ്ട് തവണ മാത്രമാണ് യോഗം ചേർന്നതായി കാണുന്നത്.ഇവയുടെയും മിനുട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് യഥാവിധി പ്രവർത്തിച്ചതായി മിനുട്സുകളിൽനിന്നും വ്യക്തമാകുന്നില്ല. 17 അംഗങ്ങൾ വരെയുള്ള വർക്കിംഗ് ഗ്രൂപ്പിൽ ഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പുകളിലും ഹാജരായിരിക്കുന്ന അംഗങ്ങളുടെ എണ്ണം 6 മുതൽ 11 വരെ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുകയോ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തതായി കാണുന്നില്ല. പ്രാദേശിക

സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ഒന്നും വിലയിരുത്തിയതായി കാണുന്നില്ല.

2022-27വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായ ഫോറം 6 ൽ തൻവർഷത്തേക്കുള്ള പ്രൊജക്ടുകൾ നിർദ്ദേശിക്കുന്ന ഭാഗത്ത് യാതൊന്നും രേഖപ്പെടുത്താതെ ശൂന്യമായി അവശേഷിക്കുന്നതായാണ് കാണുന്നത്.അതായത് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തൻവർഷത്തേക്കായി ഒരു പ്രൊജക്ട് പോലും നിർദ്ദേശിച്ചിട്ടില്ല.പദ്ധതി ആസൂത്രണ പ്രക്രിയയിലെ ഗുരുതരമായ വീഴ്ചയാണിത്

സ്റ്റാൻഡിംഗ് കമ്മിറ്റികൾ അതാത് മേഖലകളിൽ ഉള്ള വർക്കിംഗ് ഗ്രൂപ്പ്/മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതായോ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തതായി മിനട്സ്കളിൽ രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണമായി വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.കെ പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത പ്രൊജക്ടിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതായി കാണുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | -359082 | 2706411 | 2347329 | 2780363.5 | -433034.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 43454672 | 43454672 | 43454672 | NIL |
| മെറ്റീരിയൽ | 684495 | - | 684495 | - | 684495 |
| | | | | | |

മേൽ കണക്കുകൾ വാർഷിക കണക്കുമായി വ്യത്യാസം ഉണ്ട്. ഭരണ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ ക്രമീകരിക്കാത്തതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ആണ്. ഫണ്ട് ലഭിക്കുന്ന മുറക്ക് തിരികെ ക്രമീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 3214400 | 228 |
| വിധവാപെൻഷൻ | 6641600 | 533 |
| വാർദ്ധക്യകാലപെൻഷൻ | 9833400 | 820 |
| വികലാംഗപെൻഷൻ | 1566400 | 123 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02/09/2023 തീയതിയിൽ 12.20 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവെ നല്ല വിധത്തിൽ നടക്കുന്നുണ്ട്.ജീവനക്കാരുടെ ജോലി വിഭജനവും ചാർജ്ജ് കൈമാറ്റവും കാണിക്കുന്ന ഓഫീസ് ഉത്തരവ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്.നിയമസഭാ ചോദ്യോത്തരം,ഫയലുകൾ വേഗത്തിൽ തീർപ്പാക്കൽ,വന്യമൃഗ ശല്യം,തൊഴിലുറപ്പ് പദ്ധതിയിലെ അപാകങ്ങൾ,നികുതി പിരിവ് നൂറ് ശതമാനമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഓഫീസ് ഉത്തരവുകളിൽ കാണുന്നുണ്ട്.

ഓഡിറ്റ് വർഷത്തിൽ സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും ചേർന്നിട്ടുണ്ടെങ്കിലും മിനുട്സുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ടെങ്കിലും നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ പലതും നിർവ്വഹിക്കുന്നതായി കാണുന്നില്ല.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ ധനാഗമ മാർഗ്ഗങ്ങൾ ചർച്ച ചെയ്തതായോ,നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തിയതായോ കാണുന്നില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും പത്താം തിയ്യതിക്ക് മുമ്പായി യോഗം ചേർന്ന് മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത് ചെലവ് കണക്കുകൾ മാത്രമാണ്. ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഈ മേഖലയിലെ പദ്ധതി നിർവ്വഹണം വിലയിരുത്തിയിട്ടില്ല.വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രൊജക്ടുകൾ അംഗീകരിക്കുന്ന പ്രവർത്തനങ്ങൾക്കപ്പുറത്തേക്ക് മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല.ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചർച്ചകളിലും ഈ മേഖലയിലുള്ള പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/01/2022-12 /01/2022 | 04/2022-09/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/01/2018-25 /01/2018 | 2012-13 മുതൽ 2016-17 വരെ | 09/03/2018 |

## 1-11 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)84/2022തസ്വഭവ തി.19.4.2022ലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുന്നതിന് സാധ്യമായ മറ്റ് ഫണ്ടുകളും ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷൻ

ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്.

ഇപ്രകാരമുള്ള പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി നം.10/02.09.2023 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ലഭ്യമാക്കിയ സ്റ്റോക്ക രജിസ്റ്റർ എല്ലാ ആസ്തിവിവരങ്ങളും ചേർത്ത് കാലികമാക്കിയതുമല്ല.ആസ്തി സംരക്ഷണം സംബന്ധിച്ച മുകളിൽ പറഞ്ഞ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-12 രസീതുകൾ ക്രമരഹിതമായി നൽകി

കേരള ട്രഷറി കോഡ് വോള്യം 1, ആർട്ടിക്കൾ 90(എ) പ്രകാരം രസീതുകളുടെ ഡബിൾ ഫേസ് കാർബൺ പകർപ്പുകൾ എടുക്കുന്ന വിധമായിരിക്കണം രസീതുകൾ പ്രിന്റ് ചെയ്യേണ്ടത്. രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പകർപ്പ് കക്ഷിക്ക് നൽകേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ശ്രീ അക്ഷയ് രമേഷിന് നൽകിയ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്ക് നമ്പർ 27674 ൽ 24 ാമത്തെ രസീത് മുതൽ 32 ാമത്തെ രസീത് വരെയുള്ളവ ക്രമം തെറ്റിയാണ് നൽകിയിട്ടുള്ളത്. ഉദാ: 24 ാമത്തെ രസീതിന്റെ പകർപ്പിൽ എഴുതി കക്ഷിക്ക് നൽകുകയും ആയതിന്റെ കാർബൺ പതിപ്പ് 25 ാം രസീതിയുടെ അസ്സലിൽ വരികയും പ്രസ്തുത അസ്സൽ സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 23 -ാം നമ്പർ രസീതിയുടെ അസ്സൽ ഉപയോഗിച്ചിട്ടില്ല. പകർപ്പ് രസീത് ബുക്കിനൊപ്പമില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 03/2022-23 തീയതി 23/0 8/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിൽ ഒന്നിലധികം തനത് ഫണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

26/05/2011 ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ബാങ്ക് അക്കൗണ്ട് രജിസ്റ്റർ പ്രകാരം തനത് ഫണ്ടിനായി ചുവടെ ചേർത്ത 3 അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്.

1) കേരള ഗ്രാമീൺ ബാങ്ക് , പിണങ്ങോട് (40141100107943)

2) വെങ്ങപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, പിണങ്ങോട് (001001002644)

3) തെക്കുംതറ കോ-ഓപ്പറേറ്റീവ് ബാങ്ക് (2774)

മേൽ അക്കൗണ്ടുകൾ ഏത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 18/2022-23 തീയതി 04/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗിക്കാത്ത തനത് ഫണ്ട് അക്കൗണ്ടുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 204 ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും, ആ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആ അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസുനടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, ആകെകൂടി അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-14-1 റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള താഴെ പറയുന്ന റിസോർട്ടുകളിലെ ജീവനിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നം/കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 8/205/A, C, E, F | ശ്രീ വാഴയിൽ റഫീഖ്, ശ്രീമതി സജിന |
| 2 | 1/109/A, B | ശ്രീമതി അച്ചാമ്മ തോമസ് |
| 3 | 1/111/A, B, C, D, E, F, G, H | ശ്രീ മുഹമ്മദ് അഷ്റഫ് |
| 4 | 3/153/A,B | ശ്രീ അബ്ദുൾ സത്താർ |
| 5 | 12/17/A മുതൽ 12/17/AX വരെ | ശ്രീ പി. സുബ്രഹ്മണ്യൻ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 11/2022-23 തീയതി 02/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രസ്തുത റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാറിലേർപ്പെട്ട ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | ശ്രീ. റഫീഖ് കെ.എം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ശ്രീ. ഹരീഷ് പി.ബി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ശ്രീ. രഞ്ജിത്ത് കെ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ശ്രീ. സതീഷ് ജോയ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ശ്രീ. അഷിൻലാൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ശ്രീ അബ്ദുൾ സജീർ കെ.പി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ശ്രീ. ഷിഹാബ് കെ.കെ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | ശ്രീ. റഫീഖ് കെ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ശ്രീ. മൊയ്തൂട്ടി കാവുങ്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | ശ്രീ. നൗഫൽ കെ.കെ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | ശ്രീ. ഗഫൂർ എം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | ശ്രീ. അന്ത്രു പി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | ശ്രീ. അബ്ദുൾ ഖാദർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.

11/2022-23 തീയതി 02/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14-3 ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന ജീവനക്കാർ ജോലി ചെയ്തുവരുന്നെന്ന് ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ, തീയതി | വാർഡ് നമ്പർ/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേരും വിവരങ്ങളും | ജീവനക്കാരുടെ എണ്ണം(ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|---|---|
| 1 | 62/2022-23, 12/04/2022 | 11/338B | വെസ്റ്റ് വൈൻ റിസോർട്ട്സ് (റസ്റ്റോറന്റ്) | ശ്രീ.റോഷൻ ഫവാസ് സി.എം | 59 (വെസ്റ്റ് വൈൻ റിസോർട്ടിന്റെ ഭാഗമായി ആകെ അടവാക്കിയത് 28 ജീവനക്കാരുടെ തൊഴിൽ നികുതിയാണ്.) |
| 2 | 63/2022-23, 12/04/2022 | 11/338Q | വെസ്റ്റ് വൈൻ റിസോർട്ട്സ് (ആയുർവ്വേദ സ്പാ) | ശ്രീ. റോഷൻ ഫവാസ് സി.എം | 5 |
| 3 | 32/2022-23 , 01/04/2022 | 11/88,89 | തെക്കുംതറ | ശ്രീ.ധനേഷ് പി.വി | 2 |
| 4 | 47/2022-23, 01/04/2022 | 4/134 | ശ്യാം ഫാംസ്, തെക്കുംതറ | ശ്രീ. കെ.ശശീന്ദ്രൻ | 2 |
| 5 | 80/2022-23, 29/04/2022 | 8/159C | മിസ്റ്റ് ഫ്ലോർ മിൽ | ശ്രീമതി. ഖദീജ | 2 |
| 6 | 78/2022-23 | 7/85 | മെസ്സ്, വേങ്ങപ്പള്ളി | ശ്രീ.മുഹമ്മദ് കരീക്കാടൻ | 2 |
| 7 | 88/2022-23, 23/05/2022 | 12/44C | നന്മ ഫുഡ് പ്രോഡക്റ്റ്സ്, പിണങ്ങോട് | ശ്രീമതി.നസീമ കെ | 2 |
| 8 | 23/2022-23, 01/04/1022 | 7/32 | മലബാർ ചിപ്സ്, പുഴമുടി | ശ്രീ. വിജി ജോസ് | 2 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 11/2022-23 തീയതി 02/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി അടവാക്കാത്ത മുഴുവൻ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 റിസോർട്ട്/ഹോം സ്റ്റേകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നം /കെട്ടിട നമ്പർ | തരം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 8/205/A, C, E, F | റിസോർട്ട് | ശ്രീ വാഴയിൽ റഫീഖ്, ശ്രീമതി സജിന |
| 2 | 3/103/A | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീ പി. ആർ സുരേഷ് കുമാർ |
| 3 | 4/135/B | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീ കെ. ശശീന്ദ്രൻ |
| 4 | 4/156/ | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | അഡ്വ. കെ. ബാലകൃഷ്ണൻ |
| 5 | 5/47/A, D | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീമതി ബിന്ദു. കെ.ആർ |
| 6 | 6/207/A | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീ അജയ് ജോസഫ് |

| | | | |
|---|---|---|---|
| 7 | 7/287/D, E, F, G | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീ ഹസ്സൻ ഹാജി, ശ്രീ റഷീദ് ടി.എം |
| 8 | 11/15/A | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീ അബ്ദുൾ അസീസ് |
| 9 | 13/188 | സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ | ശ്രീമതി കെ.കെ. സുമതി |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം . 08/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടത്തെ നിയമാനുസൃത കെട്ടിടത്തിലുൾപ്പെടുത്തി വസ്തു നികുതി ഈടാക്കി

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235 എഎ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ 5/108/A നമ്പർ കെട്ടിടം(എം.എം.ടി കൺസ്ട്രക്ഷൻ കമ്പനി) അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽപ്പെട്ടതായതിനാൽ പ്രസ്തുത കെട്ടിടത്തിൽ ക്രഷർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാനാവില്ലെന്ന് 26/03/2022 ലെ ജെ.സി 2-1889/22 നമ്പർ കത്ത് പ്രകാരം ശ്രീ. വി. അബ്ദുൾ മജീദിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിർണ്ണയം പ്രകാരം പ്രസ്തുത കെട്ടിടത്തെ നിയമാനുസൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.2022-23 സാമ്പത്തിക വർഷം നിയമാനുസൃത കെട്ടിടത്തിന് ബാധകമായ വസ്തുനികുതിയാണ് ഒടുക്കിയത്. അനധികൃത നിർമ്മാണം നടത്തിയാൽ പൊളിച്ച് മാറ്റുന്നതു വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുകയുടെ കൂടെ രണ്ടിരട്ടി അധികം തുക നൽകാൻ ഉടമ ബാധ്യസ്ഥനാണ്. അനധികൃത കെട്ടിടത്തെ നിയമാനുസൃത കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം . 16 /2022-23 തീയതി 04/09/2023) . 2020-21 സാമ്പത്തിക വർഷം 108A, B, C, D, E, F, G, H എന്നീ കെട്ടിടങ്ങൾക്ക് നമ്പരുകൾ അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ അപേക്ഷയുടെ കൂടെ സമർപ്പിച്ച ചില രേഖകളിൽ കൃത്രിമത്വം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അനധികൃത കെട്ടിടമാക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്രകാരം അനധികൃത ഗണത്തിലേക്ക് മാറ്റുന്നതിന് സൗകര്യമില്ലാത്തതിനാൽ അതിനുള്ള ഓപ്ഷൻ അനുവദിക്കുന്നതിന് IKM ന് സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് വിശദീകരണമായി ഹാജരാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-17-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1. പുതിയ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനുട്സ് പ്രകാരം യോഗങ്ങളിൽ പുതിയ തനത് വരുമാനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം മുഴുവനായും പിരിച്ചിട്ടില്ല.

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) |
|---|---|---|---|

| | | വരവ് (₹) B | B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 3500000/- | 3098299/- | -401701/- |
| തൊഴിൽ നികുതി(തൻവർഷം) | 1000000/- | 804090/- | -195910/- |
| Rental Income | 65000/- | 11500/- | -53500/- |
| Fee & User Charges | 1410500/- | 698061/- | -712439/- |
| Sale & Hire Charges | 208000/- | 63253/- | -144747/- |
| Income From Investments | 100000/- | 71536/- | -28464/- |
| Interest Earned | 200000/- | 205451/- | 5451/- |
| Other Income | 250000/- | 53577/- | -196423/- |
| ആകെ | 6733500/- | 5005767/- | -1727733/- |

പിരിച്ചെടുക്കേണ്ട വരുമാനം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടുണ്ട്. 16/08/2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലെ 35/22 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി നിർമ്മാണം നടത്തിയതും കൂട്ടിച്ചേർത്തതുമായ കെട്ടിടങ്ങളുടെ വിവരങ്ങളും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളും ശേഖരിച്ച് വസ്തുനികുതി, ലൈസൻസ് എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 06/02/2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 14/23 നമ്പർ തീരുമാനപ്രകാരം നികുതി പിരിവ് നടന്നുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. 12/04/2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗത്തിലെ 30/23 നമ്പർ തീരുമാനപ്രകാരം 100 % നികുതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ട്. നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 23/08/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. വരവുകളെ കുറിച്ചുള്ള അവലോകനം ഭരണസമിതിയിൽ നടക്കുന്നുണ്ടെങ്കിലും ഗ്രാമസഭകളിൽ നടക്കുന്നില്ല.

1) 01.06.2022ലെ സ.ഉ.(ൈക) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 23/08/2023*) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയും കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ് പ്രകാരം വരവുകളെ കുറിച്ചുള്ള അവലോകനം നടക്കുന്നുണ്ട്. ഗ്രാമസഭയിൽ അവലോകനം നടക്കുന്നില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനങ്ങളുടെ ഡി സി ബി പത്രിക തയ്യാറാക്കേണ്ടതും ഗ്രാമസഭകളിലും ഭരണ സമിതി യോഗങ്ങളിലും അവലോകനം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-17-2 വസ്തു നികുതി പിരിവ്

1. ബജറ്റിലെ വരവും ഐ.എൽ.ജി.എം.എസ് വരവും സഞ്ചയ(വസ്തു നികുതി) വരവും തമ്മിൽ അന്തരം

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, ഐ.എൽ.ജി.എം.എസ്, സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ബജറ്റിലെ | ഐ.എൽ.ജി.എം.എസ് | സഞ്ചയ | ILGMS, |
|---|---|---|---|

| പ്രതീക്ഷിത വരവ് | വരവ് | പ്രകാരമുള്ള വരവ് | സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം |
|---|---|---|---|
| 3500000/- | 3098299/- | 3107013/- | 8714/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 7/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള കരട് വിജ്ഞാപനം അന്തിമമായി അംഗീകരിച്ചു.

ഭരണസമിതിയുടെ 17/06/2023 ലെ സാധാരണ യോഗത്തിലെ 4-ാം അജണ്ടയിലെ 1-ാം നമ്പർ തീരുമാനപ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഞ്ചയയിൽ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. നിലവിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 21/08/2023 ലെ സാധാരണ യോഗത്തിലെ 2/1 നമ്പർ തീരുമാനപ്രകാരം വസ്തുനികുതിയുടെ പുതുക്കിയ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുന്നതാണെന്നുള്ള എസ്.ആർ.ഒ 479/2023 നമ്പർ വിജ്ഞാപനവും മേഖലകളുടെ തരംതിരിവും സംബന്ധിച്ച കരട് വിജ്ഞാപനവും അന്തിമമായി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

3. എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ), സ.ഉ(അ) നം. 53/2020 /ത.സ്വ.ഭ.വ പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക്ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ തുടങ്ങിയ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്ക് സ.ഉ(അ)നം. 53/2020 ത.സ്വ.ഭ.വ തീയതി 08/09/2020 പ്രകാരമുള്ള നിരക്കും നിശ്ചയിച്ചിട്ടുണ്ട്.

4. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 09/02/2022 തീയതിയിലെ 06/01 നമ്പർ തീരുമാനപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികളും പ്രസ്തുത ക്ലാർക്കുമാർ സമർപ്പിച്ച റിപ്പോർട്ടും പരിശോധനയ്ക്കായി ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം . 17/2022-23 തീയതി 04/09/2023) മറുപടി നൽകിയിട്ടില്ല. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 5, 6 വാർഡുകളിൽ ഘടനാമാറ്റം നടന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. അനധികൃതമെന്ന് കണ്ടെത്തിയ കെട്ടിടത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ നിയമാനുസൃത കെട്ടിടത്തിന്റെ ഗണത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി വസ്തു നികുതി ചുമത്തുകയും അല്ലാത്തവയ്ക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-17-3 സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17-4 തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022 -23 തീയതി 23/08/ 2023*) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കുന്നത് തൊഴിൽ നികുതി വരവ് വർദ്ധിപ്പിക്കാൻ സഹായകമാവുന്നതാണ്.

### 1-17-5 വിനോദ നികുതി

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 23/08/2023*) മറുപടി ലഭ്യമാക്കിയിട്ടില്ല. ടൂറിസത്തിന് പ്രധാന്യമുള്ള പ്രദേശമായതിനാൽ പ്രസ്തുത ഇനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17-6 നികുതിയേതര വരവുകൾ

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 491 സ്ഥാപനങ്ങളുണ്ട്. എന്നാൽ ലൈസൻസെടുത്തത് 153 സ്ഥാപനങ്ങളാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള റിസോർട്ട്/ഹോം സ്റ്റേകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല (ഖണ്ഡിക 1-15കാണുക.). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (*ഓഡിറ്റ് എൻക്വയറി നം. 08/2022-23 തീയതി 01/09/2023*) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഉപസംഹാരം

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് വളരെയധികം പ്രാധാന്യമുള്ള പ്രദേശമാണ്. ഇതു കൂടാതെ GO(Ms)No. 24/2021/TSM തീയതി 21/12/2021 പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള "Destination Challenge" പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേക്കും വിനോദ നികുതി, പേ & പാർക്കിംഗ് ഫീസ് പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-18-1 ഒരേ ഗുണഭോക്താവിന് രണ്ട് തവണ തൈകൾ വിതരണം ചെയ്തു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0058/23 |
| പ്രോജക്റ്റിന്റെ പേര് | പച്ചക്കറികൃഷി വികസനം വനിത ഗ്രൂപ്പ് ജനറൽ |
| അടങ്കൽ | 300000/- |
| ചെലവ്(പ്ലാൻ ജനറൽ) | 300000/- |
| ബിൽ നമ്പർ | 11/2022-23, തീയതി 22/2/2023 |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2022- 23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച 'പച്ചക്കറികൃഷി വികസനം വനിത ഗ്രൂപ്പ് ജനറൽ' എന്ന പ്രോജക്റ്റിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഒരേ ഗ്രൂപ്പുകൾ തന്നെ രണ്ടു തവണ വന്നിട്ടുണ്ട്. തൈകളുടെ കൈപ്പറ്റ് രേഖകൾ പ്രകാരം മേൽ ഗുണഭോക്താക്കൾ രണ്ടു തവണ തൈകൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | ഗ്രൂപ്പ് | ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പർ | കൈപ്പറ്റിയ തൈകളുടെ വില(₹) |
|---|---|---|---|---|
| 1 | 6 | പഞ്ചമി ജെ.എൽ.ജി | 51 | 2424/- |
| | | | 54 | 2429/- |

| | | | | |
|---|---|---|---|---|
| 2 | 6 | സൗപർണ്ണിക കുടുംബശ്രീ | 52 | 2424/- |
| | | | 55 | 2420/- |
| 3 | 6 | ഉഷസ്സ് ജെ.എൽ.ജി | 53 | 2424/- |
| | | | 56 | 2407.5/- |
| 4 | 13 | ഐശ്വര്യ കുടുംബശ്രീ | 113 | 2429/- |
| | | | 116 | 2408/- |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ പ്രസ്തുത പ്രോജക്റ്റിൽ ഓരോ ഗ്രൂപ്പിനും എത്ര സ്ഥലമുണ്ടെന്നത് സംബന്ധിച്ച രേഖകളില്ല. ഗുണഭോക്തൃ ലിസ്റ്റിലുള്ള ഓരോ ഗ്രൂപ്പിന്റെയും സ്ഥലവിസ്തൃതിയുടെ വിവരങ്ങളും മേൽ അപാകതയ്ക്ക് വിശദീകരണവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം . 04/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് തവണ ആനുകൂല്യം നൽകിയ നടപടി ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തൈകളുടെ വില തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18-2 ഒരേ ഗ്രൂപ്പിന് രണ്ട് പദ്ധതികളിലായി ഒരേ ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0059/23 |
| പ്രോജക്റ്റിന്റെ പേര് | പച്ചക്കറികൃഷി വികസനം വനിത ഗ്രൂപ്പ് ST |
| അടങ്കൽ | 100000/- |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 12/2022-23, തീയതി 22/2/2023 |
| ഫണ്ട് | വികസന ഫണ്ട് - ടി.എസ്.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രോജക്റ്റ് നമ്പർ S0058/23, പച്ചക്കറികൃഷി വികസനം വനിത ഗ്രൂപ്പ് ജനറൽ എന്ന പ്രൊജക്റ്റിലുൾപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിനെ S0059/23, പച്ചക്കറികൃഷി വികസനം വനിത ഗ്രൂപ്പ് (എസ്.ടി) എന്ന പ്രോജക്റ്റിലുൾപ്പെടുത്തി പച്ചക്കറി തൈകൾ വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | ഗ്രൂപ്പ് | ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പര് | തൈകളുടെ വില(₹) |
|---|---|---|---|---|
| 1 | 11 | പുതുമ അയൽക്കൂട്ടം | 106(ജനറൽ) | 2429/- |
| | | | 25(ടി.എസ്.പി) | 3031.5/- |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ പ്രസ്തുത പ്രോജക്റ്റിൽ ഓരോ ഗ്രൂപ്പിനും എത്ര സ്ഥലമുണ്ടെന്നത് സംബന്ധിച്ച രേഖകളില്ല. അപാകതയ്ക്ക് വിശദീകരണവും മേൽ രേഖകളും ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം . 04/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ ഗ്രൂപ്പിന് രണ്ട് പദ്ധതികളിലായി ഒരേ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തൈകളുടെ വില തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18-3 വിളകൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിലില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0074/23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സുസ്ഥിര നെൽകൃഷി വിതരണം ജനറൽ |
| അടങ്കൽ | 1500000/-(വികസന ഫണ്ട് - 750000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 375000/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം - 375000/-) |
| ചെലവ് | 1314135/-(വികസന ഫണ്ട് - 691650/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 345825/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം - 276660/-) |
| ബിൽ നമ്പർ | 2/2022-23, തീയതി 22/12/2022(691650/-),<br>4/2022-23, തീയതി 22/12/2022(345825/-),<br>6/2022-23, തീയതി 09/02/2023 (276660/-) |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം ,<br>ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ലെ ക്രമ നമ്പർ 9A പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇൻഷ്വറൻസിന്റെ ഭാഗമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം . 04/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18-4 സുസ്ഥിര നെൽകൃഷി വിതരണം ടി.എസ്.പി- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0075/23 |
| പ്രോജക്റ്റിന്റെ പേര് | സുസ്ഥിര നെൽകൃഷി വിതരണം ടി.എസ്.പി |
| അടങ്കൽ | 250000/-(വികസന ഫണ്ട് (ടി.എസ്.പി)- 125000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 62500/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം - 62500/-) |
| ചെലവ് | 237500/-(വികസന ഫണ്ട് - 125000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 62500/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം - 50000/-) |
| ബിൽ നമ്പർ | 3/2022-23, തീയതി 22/12/2022(125000/-), |

| | |
|---|---|
| | 5/2022-23, തീയതി 22/12/2022(62500/-),<br>7/2022-23, തീയതി 09/02/2023 (50000/-) |
| ഫണ്ട് | വികസന ഫണ്ട് - ടി.എസ്.പി,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം ,<br>ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ലെ ക്രമ നമ്പർ 9A പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷൂറൻസിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം. 04/2022-23 തീയതി 01/09/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ആയുർവേദ ഡിസ്പെൻസറി, തെക്കുംതറ-മരുന്ന് വാങ്ങൽ - ഫണ്ട് ചെലവഴിക്കുന്നതിലെ അപാകതകൾ

സർക്കാർ മാർഗ്ഗരേഖ പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്.

മെഡിക്കൽ ഓഫീസർ ആയുർവേദ ഡിസ്പെൻസറി, തെക്കുംതറ തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ, ഫണ്ട് ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 25/23, ആയുർവ്വേദ മരുന്ന് വാങ്ങൽ. | ₹6,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)<br>ചെലവ് 6,00,000 | 1)1/22-23 /5.7.22<br>6,00,000 |
| 2 | 26/23, പെയിൻ & പാലിയേറ്റീവ് ആയുർവേദ മരുന്ന് വാങ്ങൽ | ₹2,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)<br>ചെലവ് 2,00,000 | 02/22-23 /5.7.22<br>₹2,00,000/- |
| 3 | 145/23 പട്ടിക വർഗ്ഗ | ₹2,00,000/- (വികസന | 1)7/22-23 |

| | | | |
|---|---|---|---|
| | ജനനീസുരക്ഷ പദ്ധതി | ഫണ്ട് .TSP )<br>ചെലവ് 2,00,000 | /28.1.23<br>₹200,000/- |
| 4 | 76/23 വയോജനങ്ങൾക്ക് ആരോഗ്യ രക്ഷ | ₹1,00,000/- (വികസന ഫണ്ട് .General )<br>ചെലവ് 1,00,000 | 1)4/22-23 /11.10.23<br>₹1,00,000/- |
| 5 | 130/23 ജീവിത ശൈലീ രോഗങ്ങളുടെ നിയന്ത്രണവും ചികിൽസയും | ₹1,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ് )<br>ചെലവ് 1,00,000 | 1)5/22-23 /11.10.22<br>₹1,00,000/- |
| | ആകെ ചെലവ് | ₹12,00,000/- | |

മേൽ പ്രോജക്റ്റുകൾ പ്രകാരമുള്ള മുഴവൻ തുകയും മരുന്ന് വാങ്ങലിനാണ് ചെലവഴിച്ചിട്ടുള്ളത്. ക്രമനം 3 പ്രകാരമുള്ള പ്രോജക്റ്റിന് പട്ടിക വർഗ്ഗ ഉപപദ്ധതിയ്ക്ക് വകയിരുത്തിയ തുകയാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ വകയിരുത്തുന്ന തുക പ്രസ്തുത വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹിക വികസനം എന്നിവ കൈവരിക്കുന്നതിനു വേണ്ടി ഉറപ്പുവരുത്തുന്ന പ്രോജക്റ്റുകൾക്കാണ് മുൻഗണന നൽകേണ്ടത്.

സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് വാങ്ങി നല്കാവുന്നതാണ്. അതിന് പൊതുവിഭാഗം ഫണ്ടാണ് വിനിയോഗിക്കേണ്ടത്. പ്രത്യേക വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയിൽ നിന്ന് മരുന്നു വാങ്ങുന്നത്(അതേ വിഭാഗത്തിന് തന്നെ നൽകുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്) ഓഡിറ്റ് എൻക്വയറി നം 15/04.09.2023 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 1-20 ലൈഫ് ഭവന പദ്ധതി ടി എസ് പി പദ്ധതിയിൽ മുൻകൂർ തുക കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ വീട് പണി ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന പദ്ധതി (ടി എസ് പി) പദ്ധതിയിൽ മുൻകൂർ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് പണി ആരംഭിച്ചിട്ടില്ല

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ മുൻകൂർ തുക | മുൻകൂർ തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സുമിത എ കെ, വാർഡ് -11 | 90,000 | 25.9.21 |
| 2 | അമ്മിണി കേളു , വാർഡ് -13 | 90,000 | 14.9.21 |
| 3 | അമ്മിണി, വാർഡ് -1 | 90,000 | 23.10.2021 |
| 4 | ബാലകൃഷ്ണൻ, വാർഡ് -11 | 90,000 | 27.3.22 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി 14/04.09.2023 ന് നൽകിയ മറുപടി പ്രകാരം രണ്ട് ഗുണഭോക്താക്കൾ തറ നിർമ്മാണം കഴിഞ്ഞു. മറ്റ് രണ്ട് പേർ നിർമ്മാണം തുടങ്ങിയില്ല. വീട്ടുപണി ആരംഭിച്ചവർക്ക് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും. മറ്റുള്ളവരോട് മുൻകൂർ തുക തിരികെ അടവാക്കാൻ നടപടികൾ സ്വീകരിക്കും എന്നും അറിയിച്ചു.

## 1-21 തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ-തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ അടക്കാൻ ബാക്കി നിൽക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമാകാത്തതിനാലാണ് പ്രസ്തുത ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്. സർക്കാർ ഉത്തരവ് 2941/2017/ LSGD Dtd 26.8.2017 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതി ഫണ്ട് മുഴുവൻ ലഭിക്കാത്തതിനാൽ തുക തനത് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| 2022-23 ൽ ലഭിക്കാനുള്ള മുൻബാക്കി | 7,19,545 |
| 2022-23 തനത് ഫണ്ടിൽ നിന്നും ചെലവ് | 15,55,880 |
| ആകെ | 22,75,425 |
| 2022-23 ൽ തനത് ഫണ്ടിലേക്ക് തിരികെ അടവാക്കിയത് | 11,37,888 |
| 31.3.23ന് തനത് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്ന തുക | 11,37,537 |
| | |

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ അടച്ച് ക്രമീകരിക്കേണ്ടതും ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവർത്തികൾ അപാകങ്ങൾ.

1)ടെൻഡർ ഫോറം തുകകൾ അടവാക്കിയിട്ടില്ല.

ടെൻഡർ ഫോറങ്ങളുടെ തുക ക്രെഡിറ്റ് ചെയ്യുന്നതിനായി അസി.എഞ്ചിനീയറുടെ പേരിൽ തുറന്നിരിക്കുന്ന അക്കൗണ്ടിൽ (നം.37826209693/എസ്.ബി.ഐ കൽപ്പെറ്റ)ഇ ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും തുകകൾ ലഭ്യമായതായി കാണുന്നില്ല. ഈ ഇനത്തിൽ ലഭിക്കുന്നതിനുള്ള തുകയെത്രയെന്ന് കണക്കാക്കിയതായും കാണുന്നില്ല.തുക കണക്കാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 30.3.2023ന് ടെൻഡർ ഫോറങ്ങൾ വിറ്റയിനത്തിൽ 141735രൂപ നീക്കിബാക്കിയുണ്ട്.ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല.തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗം : മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
പ്രൊജക്ട് നം : 30/23
പ്രൊജക്ടിന്റെ പേര് : പിണങ്ങോട്-ക്കുവപ്പാളി റോഡിൽ കലുങ്ക് നിർമ്മാണം.

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) 84/2022/തസ്വഭവ തി.19.4.2022 ലെ ഖണ്ഡിക 6.1.10പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ ഊരുകൾക്കിടയിൽ 3മീറ്ററിൽ അധികരിക്കാത്ത വീതിയിൽ നടപ്പാത,ഊരുകളിൽ എത്തിച്ചേരുന്നതിന് 3മീറ്ററിൽ അധികരിക്കാത്ത നടപ്പാതകളും നടപ്പാലങ്ങളും എന്നിവ മാത്രമേ നിർമ്മിക്കുന്നതിന് സാധിക്കുകയുള്ളൂ.മാത്രമല്ല മാർഗ്ഗരേഖ ഖണ്ഡിക 6.1.9പ്രകാരം പട്ടിക വർഗ്ഗക്കാരുടെ

ജനസംഖ്യാ ശതമാനം തെളിയിക്കുന്നതിനായി പ്രൊജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടം തയ്യാറാക്കേണ്ടതും അതിൽ പ്രവർത്തി നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്താക്കളുടെ കുടുംബങ്ങളുടെ സ്ഥാനവും രേഖപ്പെടുത്തണം.

എന്നാൽ മുകളിൽ കാണിച്ചിരിക്കുന്ന പ്രവർത്തിയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള സാമൂഹ്യ ഭൂപടം തയ്യാറാക്കിയിട്ടില്ലയെന്ന് മാത്രല്ല 8.3മീറ്റർ വീതിയുള്ള കലുങ്ക് നിർമ്മിച്ചതായാണ് കാണുന്നത്.കൂടാതെ ഇത് നിർമ്മിച്ചിരിക്കുന്ന റോഡ് പട്ടിക വർഗ്ഗ സങ്കേതത്തിലേക്കുള്ള വഴിയാണോയെന്നും ആണെങ്കിൽ സങ്കേതത്തിന്റെ പേരും വ്യക്തമാക്കിയിട്ടില്ല.ഇത്തരത്തിൽ പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഫണ്ട് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതും പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവർത്തികൾക്ക് സാമൂഹിക ഭൂപടം ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതിയിലെ അപാകങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വയനാട് ജില്ലാ ഓംബുഡ്സ്മാന്റെ 24.11.2022 ലെ OP/VGPLY/47(2) /AWARD/2022 നമ്പർ വിധിയിൽ ഖണ്ഡിക നം 9ൽ 2019-20വർഷത്തിലെ വർക്ക് കോഡ് നം.IF/415279 കിണർ നിർമ്മാണം (അളവ് പുസ്തകം നം79/19020) പ്രവർത്തി സംബന്ധിച്ച പരാതി പരിഗണിക്കുമ്പോൾ നിലവിലുള്ള കിണറിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും മസ്റ്റർ റോൾ അനുവദിക്കുകയും ചെയ്തതായി ബോധ്യപ്പെടുന്നുവെന്ന് പരാമർശിക്കുന്നുണ്ട്.പ്രസ്തുത ഉത്തരവിലെ ഖണ്ഡിക നം 10ൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ക്രമക്കേടുകൾ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രവർത്തികളിൽ നടന്നിട്ടുള്ളതായി സംശയിക്കുന്നുവെന്നും ആയതിനാൽ തൊഴിലുറപ്പ് പദ്ധതി അസിറ്റന്റ് എഞ്ചിനീയറായ ശ്രീ.അഭിലാഷിനെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തി ജില്ല വിജിലൻസ് സെല്ലിനെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വയനാട് ജില്ല ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.12.12.2022ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 9(1)നമ്പർ തീരുമാനത്തിലും ഈ വിജിലൻസ് അന്വേഷണത്തിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വയനാട് ജില്ലാ ഓംബുഡ്സ്മാന്റെ 23.12.2022 ലെ OP/VGPLY /60/AWARD/2022 നമ്പർ വിധിയിൽ ഗ്രാമപഞ്ചായത്തിലെ 7 ാം വാർഡ് മെമ്പർ ശ്രീമിതി.ജെസ്സി ജോണി 19.6.2020 മുതൽ 20.9.2020വരെയുള്ളകാലയളവിൽ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും വേതനം കൈപ്പറ്റിയ 9 ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോഗത്തിലും പങ്കെടുത്തതായി ബോധ്യപ്പെട്ടുവെന്നും ഇപ്രകാരം 2614രൂപ തൊഴിലുറപ്പ് വേതനമിനത്തിൽ അനധികൃതമായി കൈപ്പറ്റിയിട്ടുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/12/2022തിയ്യതിയിലെ 401012/PLMG02/GPO/2022/8049(1) പ്രകാരം ഈ തുക തിരികെ അടക്കുന്നതിന് ശ്രീമതി.ജെസ്സി ജോണിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ന12/4.9.2023ന് ലഭ്യമാക്കിയ മറുപടിയിൽ നിർദ്ദേശിക്കപ്പെട്ട വിജിലൻസ് അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭ്യമായിട്ടില്ലയെന്നും വാർഡ് മെമ്പർ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ അടവാക്കിയതിന്റെ രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മുകളിൽ കാണിച്ച തരത്തിലുള്ള ക്രമക്കേടുകൾ നടന്നുവെന്ന ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ വിധികൾ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വേളകളിൽ വേണ്ട വിധത്തിൽ നിരീക്ഷിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യപ്പെടുന്നില്ലയെന്നതിന തെളിവാണ്.ഇത്തരം അപാകങ്ങൾ ആവർത്തിക്കപ്പെടുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 എസ്.എസ്.കെ. വിഹിതം നൽകൽ - ഭൗതിക നേട്ടവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സർവ്വ ശിക്ഷാ കേരള പദ്ധതിക്കായി 2022-23 വർഷത്തിൽ സെക്രട്ടറി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

1. എസ്.എസ്.കെ. ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0084/23 |

| | |
|---|---|
| അടങ്കൽ | ₹2,00,000/- (പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് (തുക & ബിൽ നമ്പര്) | ₹2,00,000/-, 11/22-23 / 07.10.2022 |

2. എസ്.എസ്.കെ. ഗ്രാമപഞ്ചായത്ത് വിഹിതം (ടി.എസ്.പി.)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0096/23 |
| അടങ്കൽ | ₹5,00,000/- (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് (തുക & ബിൽ നമ്പർ) | ₹5,00,000/-, 16/22-23/31.10.2022 |

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി 19/04/2022) പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുപാതിക തുകയാണ് പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതിവിഹിതത്തിൽ നിന്നും വഹിക്കാവുന്നത്. മേൽ പ്രോജക്റ്റുകൾ പ്രകാരം പൊതുവിഭാഗത്തെക്കാൾ അധിക തുക ടി.എസ്.പി. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ളസ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം. 8.6(3) പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്റ്റുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം. 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ. പ്രോജക്റ്റിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്തു നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷ കേരളത്തിൽ നിന്നും കൃത്യമായി നൽകണം.

സമഗ്ര ശിക്ഷ കേരളം വയനാട് ജില്ലാ കോ-ഓർഡിനേറ്ററുടെ 21.07.2023 -ലെ എ/269/2023/എസ്.എസ്.കെ. നമ്പർ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. സാക്ഷ്യപത്രത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് അനുസരിച്ച് ആകെ 14 ഇനങ്ങളിലായി ₹14,06,568/- ആണ് ആകെ ചെലവ്. ആയതനുസരിച്ച് ഗ്രാമ പഞ്ചായത്ത് വിഹിതം ₹5,62,627/- (14,06,568 X 40/100) ആണ് വരുക. മേൽ പറഞ്ഞതിന് പുറമേ ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/22-23,തീയതി 01.09.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ. വിഹിതമായി പൊതു വിഭാഗം വികസന ഫണ്ടിനേക്കാൾ അധികം ടി.എസ്.പി. ഫണ്ട് നൽകിയതിനും ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ട് / പഞ്ചായത്തുതല എജ്യൂക്കേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവയും ലഭ്യമാക്കേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കുവേണ്ടി സെക്രട്ടറി തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ, ഫണ്ട് | ചെലവ്, വൗച്ചർ/ബിൽ നം. |
|---|---|---|---|
| 1 | എസ്.0001/23, മാരൻകുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ₹1,05,192/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹1,30,000/-(XVFC/22-23 /P/44-28.03.2023) |

| | | | |
|---|---|---|---|
| 2 | എസ്.0003/23, പി.വി. റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ₹1,05,192/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹1,50,000/-(XVFC/22-23 /P/45-28.03.2023) |
| 3 | എസ്.0169/23, മലഞ്ചരിപ്പ് കുന്ന് കല്ലട കുടിവെള്ള പദ്ധതി | ₹7,36,348/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹7,36,348/-(XVFC/22-23 /P/42-28.03.2023) |
| 4 | എസ്.0191/23, മഞ്ഞിലേരി കോളനി പൈപ്പ് ലൈൻ നീട്ടൽ | ₹1,05,192/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹1,30,000/-(XVFC/22-23 /P/43-28.03.2023) |
| 5 | എസ്.0192/23, മൂരിക്കാപ്പ് തെക്കുംതറ റോഡിൽ മൂരിക്കാപ്പ് മുതൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ₹1,86,230/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹1,86,230/-(XVFC/22-23 /P/41-28.03.2023) |
| 6 | എസ്.0210/23, പിണങ്ങോട് ലക്ഷംവീട് അംഗൻവാടി വൈദ്യുദീകരണം | ₹42,846/- (പൊതുവിഭാഗം വികസന ഫണ്ട്) | ₹42,846/- (5/22-23-28.03.2023) |
| 7 | എസ്.0211/23, വിവധ പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതികളും വൈദ്യുതി ചാർജ്ജ് അടവാക്കൽ | ₹75000/- (വികസന ഫണ്ട് - ടി.എസ്.പി) | ₹8957/- (53/22-23-28.03.2023) |
| ആകെ തുക | | | ₹13,84,381/- |

ഓഡിറ്റ് എൻക്വയറി നം. 06/01.09.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മേൽ ഡെപ്പോസിറ്റ് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിച്ചില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച ആകെ തുക ₹13,84,381/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 4/9/23 - 5/9/23 | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 4,20,000 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം 48/23 | 4,20,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 50,000 | സുസ്ഥിര നെൽകൃഷി പട്ടിക വർഗ്ഗം 75/23 | 50,000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 62,500 | സുസ്ഥിര നെൽകൃഷി പട്ടിക വർഗ്ഗം 75/23 | 62,500 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2,76,660 | സുസ്ഥിര നെൽകൃഷി ജനറൽ74/23 | 2,76,660 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 3,45,825 | സുസ്ഥിര നെൽകൃഷി ജനറൽ74/23 | 3,45,825 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 2,81,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 103/23 | 2,81,000 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 1,60,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 103/23 | 1,60,000 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പട്ടിക വർഗ്ഗം 179/23 | 50,000 | 0 |
| 9 | ജില്ലാ പഞ്ചായത്ത് | 78,250 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ 98/23 | 78,250 | 0 |

| | | | | | |
|---|---|---|---|---|---|
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2,34,750 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ 98/23 | 2,34,750 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | മാരൻകുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | XVFC/22-23/P/44 28.3.23 | 1,30,000 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 2 | കേരള വാട്ടർ അതോറിറ്റി | പി വി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടല് | XVFC/22-23 /P/45/28.3.23 | 1,50,000 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 3 | കെ എസ് ഇ ബി | വിവിധ പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതികൾ വൈദ്യുതി ചാർജ് അടവാക്കൽ | 53/28.3.23 | 8957 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 4 | കേരള വാട്ടർ അതോറിറ്റി | മലഞ്ചെരിപ്പ്കുന്ന് -കല്ലട കുടിവെള്ള പദ്ധതി | XVFC/22-23 /P/42- 28.3.23 | 736348 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 5 | കേരള വാട്ടർ അതോറിറ്റി | മഞ്ഞിലേരി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | XVFC/22-23/P/43 28.3.23 | 130000 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 6 | കെ എസ് ഇ ബി | മൂരിക്കാപ്പ് മുതൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | XVFC/22-23 28.3.23 | 1,86,230 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |
| 7 | കെ എസ് ഇ ബി | പിണങ്ങോട് ലക്ഷം വീട് അംഗനവാടി വൈദ്യുതീകരണം | 5/22-23/28.3. | 42,846 | വിനിയോഗ വിവരം ലഭ്യമല്ല | വിനിയോഗ വിവരം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4570000/-രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 4570000/-രൂപയിൽ 4570000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ 2018-19 | GO(ms)/68/18 Dtd 18.5.18. | 62,37,035 | | | NIL | |
| KURDFC ലോൺ 2019-20 | GO(ms)/68/18 Dtd 18.5.18. | 18,40,000 | | | NIL | |
| KURDFC ലോൺ 2022-23 | GO(ms)/68/18 Dtd 18.5.18. | 45,70,000 | | | NIL | |
| | | 45,70,000 | 5481035 | 2204508 | | 7846527 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 342019 |
| തൻവർഷം നിക്ഷേപിച്ച തുക | 71536 |
| ആകെ | 413555/ |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 413555/ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വെങ്ങപ്പള്ളി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, പിണങ്ങോട് | 20/06/2022 | 1 വർഷം | 413555/ | വർഷാരംഭത്തിൽ വയനാട് ജില്ലാ സഹകരണബാങ്കിൽ ഉണ്ടായിരുന്ന FD പലിശ ഉൾപ്പെടെ പിൻവലിച്ച് പുതിയ നിക്ഷേപം വെങ്ങപ്പള്ളി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ചു. |
| ആകെ | | | | 413555/ | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.15 | 2010/11-2011/12 | 4.21 | തൊഴിലുറപ്പ് പദ്ധതിയിൽ പൈപ്പ് വാങ്ങിയത് സംബന്ധിച്ച്. | കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജില്ലാ ഓഫീസിൽനിന്നും 29/12/2021, 30/12/2021 തിയതികളിൽ നടത്തിയ സൂക്ഷ്മപരിശോധന റിപ്പോർട്ട് പ്രകാരം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്ത പൈപ്പുകളുടെ വിലയായ 247864/ രൂപ ഉത്തരവാദിയായ |

| | | | | | |
|---|---|---|---|---|---|
| | | | | | ഉദ്യോഗസ്ഥനായ ശ്രീ ജോസ്കുമാർ പി എം എന്നവരുടെ ഡി സി ആർ ജി യിൽ നിന്ന് ഈടാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നിയമ സഭാസമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ്. | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2019-20 | 1-33 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം നടപ്പിലാക്കിയ പദ്ധതികളിൽ ചെലവ് വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല | പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഫയലുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിവരം സ്റ്റേറ്റ് ഓഡിറ്റ് ജില്ലാ ഓഫീസിലേക്ക് അറിയിക്കുകയും ആയത് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാസമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . |
| 2019/20 | 1-34 | 2020-21 | | ഹോമിയോ ഡിസ്പൻസറിക്ക് ഫർണ്ണിച്ചർ വാങ്ങൽ-ക്വട്ടേഷൻ വിളിച്ചതിൻറെ രേഖകൾ ഹാജരാക്കിയിട്ടില്ല | പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഫയലുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിവരം സ്റ്റേറ്റ് ഓഡിറ്റ് ജില്ലാ ഓഫീസിലേക്ക് അറിയിക്കുകയും ആയത് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാസമിതിക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,25,03,262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,18,69,203 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,84,381 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ഈ ഇനത്തിൽ തുകയില്ല.)

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹13,84,381/- | ഷോബി കെ. ബി., സെക്രട്ടറി |
| ആകെ | ₹13,84,381/- | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷോബി കെ ബി, സെക്രട്ടറി | സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് | മണ്ണൂറോട്ട് ഹൗസ്<br>കെ എസ് എച്ച് ബി ഹൗസിംഗ് കോളനി<br>മൈസൂർ റോഡ്, സുൽത്താൻ ബത്തേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി1/758/0/Dt 11.12.08 /6.2.09 | 15 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3/260/98 02.07.04 | 40 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3/134 /02 /27.10.22 | 5 |
| 2001-02 PLAN | എൽ.എഫ്(ഡബ്ല്യൂ)പി3/569 /16-07-19 | |
| 2001-02 | എൽ.എഫ്(ഡബ്ല്യൂ)പി1/93 /07/16-07-19 | 1 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1/814 /09/ 27.10.22 | 3 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1/910 /08/ 27.10.22 | 1 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1/409 /09 27.10.22 | 5 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1/823 /10 27.10.22 | 6 |
| 2009-10,<br>2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1/576 /12 27.10.22 | 7 |
| 2011-12 | എൽ.എഫ്(ഡബ്ല്യൂ)പി1/1031 /14/ 05/06/15 | 8 |
| 2012-13,2013-14, | എൽ.എഫ്(ഡബ്ല്യൂ)പി1-902/17<br>തീയതി27.10.22 | 8 |
| 2014-15 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-278/16-17<br>/03/2018 | 19 |
| 2015-16 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1- 11/17<br>തീയതി 30.3.22 | 17 |
| 2016-17 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-/419/2017<br>തീയതി 27.10.22 | 22 |
| 2017-18 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-732/18/ തീയതി<br>27.10.22 | 9 |
| 2018-19 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-51/2020 തീയതി<br>31.3.22 | 10 |
| 2019-20 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-285/2021<br>തീയതി 21/02/2022 | 26 |
| 2020-21 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-668/2021<br>തീയതി 29/07/2022 | 39 |
| 2021-22 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-119/2023<br>തീയതി 21 /3/2023 | 33 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 22-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vengappally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vengappally Grama Panchayat for the year 2022-2023

Date: 04/10/2023

Deputy Director
District Office Wayanad
Kerala State Audit Department

## Audit Report appended to the Audit Certificate of Vengappally Grama Panchayat for the Year 2022-2023.

**1.Major Observations**

Asset register maintained is not reliable.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted.

a) Basic ratios.

b) Notes on account.

2. Cashflow statement Net increase/decrease in cashflow doesnot match with the difference between the opening balance and closing balance.

3. Deposit register and advance register maintained are not reliable for audit.

4. Lapses in making timely and accurate demand entries in respect of tax and non tax revenue.

5. Demand registers are not periodically reconciled with account.
6. Asset register maintained is not reliable for audit.
6. Grant liability amount shown as liability in balance sheet doesnot match with bank account opened for the specific grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്